77

*രീതി: അമൃതെ പൊഴിയും*

സ്തുതിചെയ്യുക നാം പരനെ-തൻ
കൃപയെ മറന്നിടാതെ-കൃപയെ മറന്നിടാതെ

1 പാപികളായ് നാ-മാധികലർന്നും ഭാവിയെയോർത്തു ഭയന്നും
പാർത്തൊരുനേരം നമ്മളെത്തേടിയ
പരനെ ദിനവും സ്തുതി ചെയ്തിടാം

2 ഇരുളിൻ ഭീകരവഴിയിൽ നിന്നും നിരുപമ തേജസ്സിൽ വന്ന്
നിജഗുണമഹിമ ഘോഷണം ചെയ്‌വാൻ
നിർമ്മലജനമായ് നമ്മെക്കരുതിയ

3 നീചരാം നമ്മളെ മോചിതരാക്കി രാജപുരോഹിതരാക്കി
ആത്മിക ബലികൾ കഴിപ്പതിനായി
യോഗ്യരെന്നെണ്ണി അത്ഭുതാമാമീ-

**T.K.S.**